'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകളായി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.2254/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/10/2019

---

പരാമർശം:- (1) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ തെരുവ് വിളക്ക് പരിപാലനത്തിനുള്ള താൽപര്യ പത്രം സംബന്ധിച്ച നടപടികൾക്കായി രൂപീകരിച്ച സാങ്കേതിക കമ്മിറ്റിയുടെ 07.05.2019, 22.05.2019, 03.06.2019 തീയതികളിലെ യോഗ തീരുമാനങ്ങൾ.

(2) കോഴിക്കോട് നഗരസഭാ കൗൺസിലിന്റെ 29.06.2019 തീയതിയിലെ 79-ാം നമ്പർ തീരുമാനം.

(3) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 03.08.2019 ലെ ഇജി13/32339/18 നമ്പർ കത്ത്.

(4) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 29.08.2019-ലെ EG13-32339/18 നമ്പർ കത്ത്.

(5) എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 22.08.2019 ലെ EMC/EED/19/E-16764/KMC നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ തെരുവ് വിളക്ക് സംവിധാനം എൽ.ഇ.ഡി.യിലേക്ക് മാറ്റുന്നതിനും പത്ത് വർഷത്തേക്ക് വൈദ്യുതി ചാർജ്ജ് അടവാക്കി പരിപാലിക്കുന്നതിനും കോർപ്പറേഷൻ താൽപര്യപത്രം ക്ഷണിച്ചിരുന്നു. താൽപര്യപത്രം സംബന്ധിച്ചുള്ള നടപടികൾക്കായി രൂപീകരിച്ച സാങ്കേതിക സമിതി, ലഭ്യമായ ആറ് താൽപര്യപത്രങ്ങൾ പരിശോധിക്കുകയും

സാങ്കേതിക യോഗ്യതയില്ലാത്ത നാല് സ്ഥാപനങ്ങളുടെ താൽപര്യപത്രം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച മറ്റ് രണ്ട് സ്ഥാപനങ്ങളിൽ, ഒരു മാസത്തേക്ക് അടവാക്കേണ്ടുന്ന ഏറ്റവും കുറഞ്ഞ തുകയായ 49,60,000/- രൂപയും ബാധകമാകാവുന്ന ജി.എസ്.റ്റി.യും ക്വാട്ട് ചെയ്ത കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KEONICS)-ന്റെ ഓഫർ കോഴിക്കോട് നഗരസഭ കൗൺസിൽ പരാമർശം (2) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ടി സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തതിൽ തുക 47,50,000/- രൂപയും ബാധകമാകുന്ന ജി.എസ്.ടി.യും ചേർത്തുള്ള തുകയിലേയ്ക്ക് കുറയ്ക്കുവാൻ തയ്യാറാണെന്ന് സ്ഥാപനം കോഴിക്കോട് കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(2) പരാമർശം (3) പ്രകാരം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം നഗരസഭാ പരിധിയ്ക്കുള്ളിൽ 2018-19 സാമ്പത്തിക വർഷത്തിൽ 35,102 തെരുവ് വിളക്കുകൾ ഉള്ളതായി കാണുന്നു. ടി സാമ്പത്തിക വർഷം വൈദ്യുതി ബിൽ ഇനത്തിൽ പ്രതിമാസം 37,48,028 രൂപയും അറ്റകുറ്റപണികൾക്കും പരിപാലനത്തിനുമായി പ്രതിമാസം 18,83,905 രൂപയും ചെലവായിട്ടുണ്ട്. M/s Karnataka State Electronics Development Corporation Ltd.-ന് 10 വർ ഷത്തേയ്ക്ക് 57,00,00,000 (അൻപത്തിയേഴ് കോടി രൂപ) രൂപയാണ് കോഴിക്കോട് കോർപ്പറേഷൻ നൽകേണ്ടത് (നികുതികൾക്ക് പുറമേ). ദീർഘകാലത്തേക്ക് പ്രസ്തുത കരാർ നഗരസഭയ്ക്ക് ഏറെ ഗുണകരമായതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് കോർപ്പറേഷൻ മേയറും സെക്രട്ടറിയും പരാമർ ശം (3), (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ സമർ പ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഇ.എം.സി.ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഓഫർ ചെയ്ത തുകയിൽ (47,50,000/- രൂപ + ജി.എസ്.റ്റി.) അടുത്ത പത്ത് വർഷത്തേക്ക് മാറ്റം ഇല്ലാത്തതിനാൽ ദീർഘകാലത്തേയ്ക്ക് പ്രസ്തുത പദ്ധതി കോഴിക്കോട് കോർപ്പറേഷന് സാമ്പത്തികമായി ഏറെ ഗുണകരമാണെന്ന് കോർപ്പറേഷൻ മേയർക്കും സെക്രട്ടറിക്കും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്തിരിക്കുന്നതിനാലും പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ച ശേഷം എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ പദ്ധതി നടപ്പാക്കുന്നതിന് അനുകൂലമായി ശിപാർശ ചെയ്തിട്ടുള്ളതിനാലും, സർക്കാർ യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വഹിക്കുന്നതല്ലായെന്ന വ്യവസ്ഥയും കോർപ്പറേഷന്റെ സ്വന്തം ഉത്തരവാദിത്തത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ് എന്ന വ്യവസ്ഥയും ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്കും വിധേയമായി ടി പദ്ധതി നടപ്പിലാക്കുന്നതിന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് അനുമതി നൽകി ഉത്തരവാകുന്നു.

i. നിലവിലുള്ള സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പുകൾ, ഫ്ലൂറസെന്റ് ലാമ്പുകൾ എന്നിവ എൽ.ഇ.ഡി. തെരുവ് വിളക്കുകളായി മാറ്റി സ്ഥാപിക്കുമ്പോൾ ആവശ്യത്തിനുള്ള പ്രകാശ തീവ്രത ലഭിക്കുമെന്ന് ഉറപ്പ്

വരുത്തേണ്ടതാണ്. അതിനായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, വാട്ടേജ് എന്നിവ പുനക്രമീകരിച്ച് IS-1944 പ്രകാരം വെളിച്ചം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ii. പ്രവർത്തന രഹിതമായ എൽ.ഇ.ഡി. തെരുവു വിളക്കുകൾ 48 മണിക്കൂറിനുള്ളിൽ തകരാർ പരിഹരിച്ച് പ്രവർത്തനസജ്ജമായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇല്ലെങ്കിൽ പിഴ ഈടാക്കുവാനുള്ള വ്യവസ്ഥകൾ അന്തിമ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ആവശ്യത്തിന് സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തണം

iii. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ സാമ്പിൾ സ്വീകരിച്ച് NABL അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. 10 ശതമാനം ലൈറ്റുകൾ സാമ്പിൾ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

iv. 10 വർഷത്തിന് (പദ്ധതി നടത്തിപ്പ് കാലയളവ്) ശേഷം തെരുവ് വിളക്കുകൾ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് കൈമാറുമ്പോൾ എല്ലാ തെരുവുവിളക്കുകളും പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

v. അധികമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ വിലയും മറ്റ് കാര്യങ്ങളും നഗരസഭയും, കമ്പനിയും തമ്മിൽ തീരുമാനിക്കേണ്ടതാണ്. എന്നാൽ ഈ പ്രകാരം സ്ഥാപിക്കുമ്പോൾ അധികം ലൈറ്റ് സ്ഥാപിക്കുന്നതിന് കരാറുകാരന് ആനുപാതികമായ ചെലവ് വർദ്ധന ഉണ്ടാകില്ല എന്നതിനാൽ നഗരസഭക്ക് ആനുപാതികമായി കൂടുതൽ സാമ്പത്തിക നേട്ടം ലഭിക്കുന്ന രീതിയിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്

vi. ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ വാട്ടേജ്, സ്ഥാപിക്കുന്ന പോസ്റ്റ് എന്നിവ പ്രത്യേകം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിശ്ചിത ലൂമിനസ് വെളിച്ചം ലഭിക്കുന്നു എന്നു ഓരോ വർഷവും പരിശോധനക്ക് വിധേയമാക്കി ഉറപ്പു വരുത്തണം. വീഴ് ച്ച വന്നാൽ പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യണം

vii. ഇപ്പോൾ നിലവിലുള്ള സാങ്കേതിക സമിതി ഈ പദ്ധതിയുടെ കാലയളവിൽ തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

മേയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകാര്യം, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SMITHA B CHANDRA
Date: 2019.10.14 13:31:31 IST
Reason: Approved

സെക്ഷൻ ഓഫീസർ